ആവശ്യകതയെക്കുറിച്ച് ബോധം വേണം. എനിക്ക് പറയാനുള്ളത്, 2000 ജൂൺ 12-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നൽകിയ മറുപടിയിൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിച്ചുള്ള ഒരു റിസോഴ്സ് സെന്റർ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി സ്ഥാപിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം അതു സംബന്ധിച്ച് പ്രസ്താവിച്ചിട്ടുള്ളത്. പക്ഷേ ഇത് വികസിപ്പിക്കുന്നതിന് വേണ്ടി ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഔഷധ സസ്യങ്ങളും വിത്തിനങ്ങളും സംരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി നിരന്തരം ബന്ധം പുലർത്താൻ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കേന്ദ്ര ഗവൺമെന്റിന്റെ ബയോടെക്നോളജി ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

Mr. Deputy Speaker: Are you concluding today?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഇന്ന് കൺക്ലൂഡ് ചെയ്യുന്നില്ല.

Mr. Deputy Speaker: You can continue next day.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: എനിക്ക് പറയാനുള്ളത്, ശ്രീ. ശങ്കരനാരായണന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് 18, പാരാ 52-ൽ ജൈവ സാങ്കേതിക വിദ്യയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അതിൽ ബയോ ടെക്നോളജി പാർക്ക് സ്ഥാപിക്കാനുള്ള പണി 2003-04-ൽ പൂർത്തിയാകുമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അതിനെ സംബന്ധിച്ച് കുറച്ചുകൂടി ഗൗരവത്തിൽ നമ്മൾ കണക്കിലെടുക്കണം. നമുക്ക് പണമില്ലെന്നൊക്കെ പറഞ്ഞാലും ഇതൊക്കെ ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നെ തിരിച്ചു കിട്ടില്ല എന്നുള്ള യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളുവാൻ നാം തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

Mr. Deputy Speaker: You can continue next day. Please resume your seat. 1952-നു മുൻപ് ജൈവ വളം ഉപയോഗിച്ചാണ് കേരളത്തിലെ കർഷകരെല്ലാം കൃഷി ചെയ്തു കൊണ്ടിരുന്നത്. അമേരിക്കൻ സായിപ്പ് വന്നാണ് രാസവളം ഇറക്കിയത്. ശ്രീ. വി. ബാലറാം, അങ്ങേക്ക് അങ്ങയുടെ പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(ചർച്ച തുടരും)

(4) 2003-ലെ കേരള തരിശുഭൂമിയും പഴനിലങ്ങളും കൃഷിക്ക് വിധേയമാക്കൽ ബിൽ

(ശ്രീ. വി. ബാലറാം നോട്ടീസ് നൽകിയത്)

ശ്രീ. വി. ബാലറാം: സർ, 2003-ലെ കേരള തരിശുഭൂമിയും പഴനിലങ്ങളും കൃഷിക്ക് വിധേയമാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): കേരളം ഒരു കാർഷിക സമ്പദ്വ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനമാണ്. എന്നാൽ ഇന്ന് നാണ്യ വിളകളോടാണ് കൂടുതൽ ആഭിമുഖ്യം പുലർത്തുന്നത്. മാത്രവുമല്ല പലവിധ കാരണങ്ങളാൽ കാർഷിക വൃത്തിയോടുള്ള താൽപ്പര്യം കുറഞ്ഞുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി ഒട്ടും ലാഭകരമല്ല എന്ന അഭിപ്രായം പ്രബലപ്പെട്ടു വരുന്ന ഒരു കാലഘട്ടമാണ്. ഈ പശ്ചാത്തലത്തിൽ കൃഷിയോഗ്യമായ ഭൂമി തരിശിടുന്ന പ്രവണത സംസ്ഥാനത്ത് പരക്കെ കണ്ടു വരുന്നുണ്ട്. അതോടൊപ്പംതന്നെ വയൽ നികത്തി കരഭൂമിയാക്കാനും വീട് പണിയാൻ പുരയിടമാക്കാനുമുള്ള പ്രവണതയും കൂടിവരികയാണ്. പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്കുപോലും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഗതികേടാണ് കേരളത്തിൽ നിലനിൽക്കുന്നത്. അത് കണ്ടുകൊണ്ട് തന്നെയാണ് ബഹുമാനപ്പെട്ട മെമ്പർ കേരള തരിശ്ഭൂമിയും പാഴ്നിലങ്ങളും കൃഷിക്ക് വിധേയമാക്കൽ ബിൽ അവതരിപ്പിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ ഇക്കാര്യത്തിലുള്ള താൽപ്പര്യം തീർച്ചയായിട്ടും അഭിനന്ദനാർഹമാണ്. കാർഷിക സമ്പദ്വ്യവസ്ഥയെഅടിസ്ഥാന മാക്കിയുള്ള സംസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ശ്രീ. ബാലറാം ബില്ലിൽ പരാമർശിക്കുന്ന പല കാര്യങ്ങളും പ്രാധാന്യത്തോടുകൂടി ചർച്ച ചെയ്യേണ്ടതും ചിന്തിക്കേണ്ടതുമാണ്. കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം ശക്തിപ്പെടുത്താനും കൃഷി ലാഭകരമാക്കിത്തീർക്കാനുള്ള സാഹചര്യങ്ങൾ ഉറപ്പാക്കൽ എന്നിവയിലൂടെ കാർഷിക മേഖലയിൽ ഒരു നവോത്ഥാനത്തിന് ശ്രമിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ബില്ലിൽ പരാമർശിച്ചിട്ടുള്ള പല കാര്യങ്ങളും നിലവിലുള്ള 1967-ലെ കേരളാ ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിന്റെ പരിധിയിൽപ്പെടുന്നവയാണ്. ആ നിയമത്തിൽ കഴിഞ്ഞ 3 വർഷം തുടർച്ചയായി കരിമ്പ്, നെല്ല്, പച്ചക്കറികൾ, കപ്പ, ചേന തുടങ്ങിയ ഭക്ഷ്യ വിളകൾ കൃഷി ചെയ്തിരുന്ന കൃഷിയിടങ്ങളും വയലുകളും മറ്റേതെങ്കിലും തരത്തിലുള്ള കൃഷി ചെയ്യുന്നതിനോ ഭൂമി തരം മാറ്റുന്നതിനോ അതാത് ജില്ലാ കളക്ടർമാരുടെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ തരം മാറ്റുന്നതിനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ സ്ഥലം ഉടമസ്ഥന് നോട്ടീസ് നൽകി അതാത് ഭക്ഷ്യ വിളകൾ തന്നെ കൃഷി ചെയ്യാൻ നിർദ്ദേശിക്കാവുന്നതും അതിന് തയ്യാറാകുന്നില്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് നിർദ്ദിഷ്ട ഭക്ഷ്യ വിളകൾതന്നെ കൃഷി ചെയ്യുന്നതിനുള്ള അവകാശം ലേലം ചെയ്ത് കൊടുക്കാനുള്ള അധികാരവും അതാത് ജില്ലാ കളക്ടർമാർക്ക് ഇപ്പോൾതന്നെ നിലവിലുണ്ട്. നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകുന്നുണ്ട്. എന്നാൽ സ്വന്തമായി വീട് പണിയാൻ മറ്റ് സ്ഥലങ്ങൾ ഇല്ലാത്തവർക്ക് ചില നിബന്ധനകൾക്ക് വിധേയമായി 5 സെന്റ് സ്ഥലം വരെ തരം മാറ്റുവാനും അനുവദിക്കുന്നുണ്ട്. പക്ഷേ വിളകൾ കൃഷി ചെയ്യാനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് കൃഷിഭവനുകൾവഴി നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ബാലറാം നോട്ടീസ് നൽകിയിട്ടുള്ള നിർദ്ദിഷ്ട ബില്ലിൽ പറയുന്ന പ്രവർത്തനങ്ങൾ സംസ്ഥാന കൃഷിവകുപ്പ് ഇപ്പോൾതന്നെ നടപ്പിലാക്കി വരുന്ന കാര്യമാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ സദുദ്യമത്തെ അഭിനന്ദിക്കുന്നുവെങ്കിലും ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ശ്രീ. വി. ബാലറാം: സർ, നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി കർഷകരോട് ഇത്രയധികം ക്രൂരമായ സമീപനം എന്തുകൊണ്ട് സ്വീകരിക്കുന്നുവെന്ന് മനസ്സിലായില്ല. അദ്ദേഹത്തിനെ കുറിച്ച് പൊതുവെ കേട്ടിട്ടുള്ളത്, കർഷക പ്രവർത്തകരുമായിട്ടും രാഷ്ട്രീയക്കാരുമായിട്ടും കർഷക സുഹൃത്തുക്കളുമായിട്ടും എല്ലാവരുമായിട്ടും നല്ല ബന്ധം വെച്ചു പുലർത്തുന്ന ആളാണെന്നാണ് പത്ത്, പതിനഞ്ച് വർഷങ്ങൾക്കുമുമ്പ് അദ്ദേഹം തിരുവനന്തപുരത്ത് ഒരു തെരഞ്ഞെടുപ്പിന് മത്സരിക്കുമ്പോൾ ഞാൻ ഇവിടെ വന്നപ്പോൾ ആ നിയോജകമണ്ഡലത്തിൽ കേട്ട ഒരു പ്രചരണം, 'കടലിൽ പോകും മുക്കുവർക്ക് എം. എം. ഹസ്സൻ എതിരല്ല' എന്ന മുദ്രാവാക്യമാണ്. പണിയില്ലാത്ത കർഷകർക്ക് എം. എം. ഹസ്സൻ എതിരാണെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യം ഇപ്പോൾ അദ്ദേഹം മറുപടി പറഞ്ഞപ്പോഴാണ് മനസ്സിലായത്. അതുകൊണ്ട് ഈ ബിൽ ഇപ്പോൾതന്നെ കൃഷിവകുപ്പ് ഇവിടെ നടപ്പിലാക്കുന്നുണ്ട് എന്നു പറയുന്നത് മുഴുവൻ ശരിയല്ല. ഇവിടെ നമുക്കെല്ലാവർക്കും അറിയാം ബഹുമാനപ്പെട്ട ഗൗരിയമ്മ മന്ത്രിയായിരുന്ന കാലത്ത് 1959 ഏപ്രിൽ 10-ന് കേരള ക്കാർഷിക ബന്ധ ബിൽ കേരള നിയമസഭയിൽ അവതരിപ്പിച്ചു. അത് അന്നത്തെ ഏറ്റവും പ്രധാനപ്പെട്ട വളരെ ഗൗരവമുള്ള ഒരു ബില്ലായിരുന്നു. അതുപോലെതന്നെ ഈ ബിൽ നിയമമായി വന്നാൽ തീർച്ചയായിട്ടും ഇവിടുത്തെ അവശരായിട്ടുള്ള കർഷക താൽപ്പര്യമുള്ളവരുടെ ഒരു മാഗ്നാകാർട്ടയായിരിക്കും ഈ ബിൽ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ ബില്ലിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കാനും അതിനനുസരിച്ച് ഒരു നിയമം കൊണ്ടുവരാനും ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ച ലാന്റ് യൂട്ടിലൈസേഷൻ ആക്ടിന്റെ ചില വ്യവസ്ഥകളെക്കുറിച്ച് വിശദമായി പറയുകയുണ്ടായി. ഇന്ന് കേരളത്തിലെ കർഷകന് ഏറ്റവും വലിയ ഭാരയായി നിൽക്കുന്നത് ഈ പഴയ ലാന്റ് യൂട്ടിലൈസേഷൻ ആക്ടാണെന്ന സത്യം അങ്ങ് അനുസ്മരിക്കണം. ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് കൊണ്ട് പണ്ട് ഒരു കാലത്ത്, at the point of time ആ സന്ദർഭത്തിൽ ഒരുപക്ഷേ ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിന് ഏതെങ്കിലും ഗുണമുണ്ടാകാം. ഇന്നിപ്പോൾ സാഹചര്യങ്ങൾ മാറി പുതിയ നൂറ്റാണ്ടിലുമായി, പുതിയ സാഹചര്യങ്ങൾ ഒരിക്കലും അഡ്ജസ്റ്റ് ചെയ്യാൻ കഴിയാത്ത വിധത്തിൽ ഈ ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് നമ്മുടെ കർഷകർക്ക് കൃഷിപോലും മാറ്റി ചെയ്യാൻ കഴിയാത്ത വിധത്തിലുള്ള ഒരു വല്ലാത്ത കർക്കശമായ നിലപാടാണ് എടുക്കുന്നത് എന്നുള്ളത് കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും ദ്രോഹകരമായ കാര്യമാണ്. അപ്പോൾ ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിലെ ഇപ്പോഴത്തെ വ്യവസ്ഥകൾ കേരളത്തിൽ ഗവൺമെന്റ് പുതിയ രൂപത്തിൽ നിയമങ്ങളുണ്ടാക്കാൻ പോകുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിൽ കർഷക വിരുദ്ധമായ ചില സമീപനങ്ങളുണ്ട്. അതുകൂടി ഒഴിവാക്കുന്നതിനെക്കുറിച്ച് അങ്ങയുടെ ബില്ലിൽ പ്രത്യേക വ്യവസ്ഥ വയ്ക്കുമോ, ഒരു ക്ലാസ് ചേർക്കുമോ?

ശ്രീ. വി. ബാലറാം: സർ, നമ്മുടെ സംസ്ഥാനത്ത് കാസർകോഡു മുതൽ പാറശാല വരെ കൃഷിക്ക് യോഗ്യമായതും കൃഷിചെയ്തു വന്നിരുന്നതുമായിട്ടുള്ള ആയിരക്കണക്കിന് ഏക്കർ കൃഷിഭൂമി ഇപ്പോൾ തരിശായി കിടക്കുകയാണ്. ആ തരിശായി കിടക്കുന്ന ഭൂമിയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ കൃഷി ചെയ്യാൻ കഴിയുന്നില്ല. ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് സദുദ്ദേശത്തോടുകൂടി ഉണ്ടാക്കിയതാണെങ്കിലും ആ ലാന്റ് യൂട്ടിലൈസേഷൻ ആക്ട് പല ആളുകളേയും സംബന്ധിച്ചിടത്തോളം ഇന്ന് ഒരു പാരയായി മാറിയിരിക്കുകയാണ്. സാധാരണ ആളുകൾക്ക് ഒരു 5 സെന്റ് സ്ഥലം വയൽ തീരത്ത് നികത്താൻ അനുമതി കിട്ടണമെങ്കിൽ തന്നെ വളരെയധികം കടമ്പകൾ കടക്കേണ്ട സ്ഥിതി വിശേഷമാണുള്ളത്. അതുപോലെതന്നെ നെൽകൃഷി ഉപേക്ഷിക്കാനുണ്ടായ സാഹചര്യം നമുക്കറിയാം. നെൽകൃഷി ലാഭകരമല്ലാത്ത ഒരു സാഹചര്യം വന്നതുകൊണ്ടാണ് പലരും നെൽകൃഷി ഉപേക്ഷിച്ചത്. തൊഴിലാളിയെ കിട്ടാനില്ല, നല്ല ഉല്പാദനശേഷിയുള്ള വിത്തുകളുടെ പോരായ്മ, കൃഷിചെലവിൽ വന്നിട്ടുള്ള ക്രമാനുഗതമായിട്ടുള്ള വർദ്ധനവ് ഇതൊക്കെയാണ് നെൽകൃഷിയിൽനിന്ന് പ്രധാനമായിട്ട് കൃഷിക്കാരെ പിന്തിരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ആയിരക്കണക്കിന് ഏക്കർ നെൽപ്പാടങ്ങൾ, കൃഷിസ്ഥലങ്ങൾ വെറുതെ കിടക്കുകയാണ്. കോൾ നിലങ്ങളിൽപോലും ഇരുപ്പുകൃഷിയും മുണ്ടകനും പുഞ്ചക്കൃഷിയും ഒന്നും ചെയ്യാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാലഘട്ടമാണ് ഇപ്പോൾ. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ ഈ കൃഷിയുൽപ്പാദനം മാറ്റിയെടുക്കുന്നതിനുള്ള സത്വരമായ നടപടി ഉണ്ടായിട്ടില്ലെങ്കിൽ തീർച്ചയായിട്ടും വളരെ അധികം പ്രയാസമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ മൊത്തം ഉല്പാദനക്ഷമമായ 30 ലക്ഷം ഹെക്ടറിന്റെ 15 ശതമാനമാണ് നെല്ലും മലക്കറിയും കപ്പയും പൈനാപ്പിളും കൃഷിചെയ്യുന്നത്. ബാക്കി സ്ഥലങ്ങളിൽ റബ്ബർ, തെങ്ങ്, കമുക് അതുപോലെ പ്ലാന്റേഷൻ തുടങ്ങിയവയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം ഭൂമിയിൽ 28 ശതമാനം വനമാണ്. അതൊഴിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ നെല്ലിന്റെ ഭൂവിസ്തൃതി ഓരോ വർഷം കഴിയുംതോറും വളരെ കുറഞ്ഞുവരികയാണ്. നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ള ആകെ അരിയുടെ 40 ശതമാനം മാത്രമാണ് നമുക്ക് ഉല്പാദിപ്പിക്കാൻ കഴിയുന്നത്. ബാക്കിയുള്ള തൊക്കെ നമ്മൾ പുറമെനിന്ന് കൊണ്ടുവരികയാണ്. 2000-01-ൽ 3.4 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നെങ്കിൽ 2001-02-ൽ 20,000 ഹെക്ടറായി കുറഞ്ഞ ഒരു ചിത്രമാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു നമുക്കാവശ്യമുള്ള എല്ലാ സാധനങ്ങളും ഊണു കഴിക്കാനുള്ള ഇല തുടങ്ങി നമ്മുടെ തലയിൽ ചൂടുന്ന മുല്ലപ്പൂവ് മുതൽ പച്ചക്കറി തുടങ്ങി എല്ലാ സാധനങ്ങൾക്കും നമ്മൾ അന്യസംസ്ഥാനത്തെ ആശ്രയിച്ചുകൊണ്ടിരിക്കുകയാണെന്ന്. നമ്മുടെ സംസ്ഥാന ത്താണെങ്കിൽ രൂക്ഷമായിട്ടുള്ള തൊഴിലില്ലായ്മ പ്രശ്നവും അതുപോലെതന്നെ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്ക് കൃഷി ചെയ്യാൻ കഴിയാത്ത ഒരു സാഹചര്യവും പരിഗണിച്ച് നമ്മുടെ സംസ്ഥാനത്ത് ഇതുപോലെ തരിശായി കിടക്കുന്ന ഭൂമി പ്രയോജന പെടുത്താൻ ശ്രമിക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, കൃഷിഭൂമി തരിശായിടുന്നതിനെ സംബന്ധിച്ചാണല്ലോ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു വരുന്നത്. നമ്മുടെ സംസ്ഥാനത്ത് മഹാഭൂരിപക്ഷം പ്രദേശവും തരിശായി കിടക്കുകയാണ്. ഇങ്ങനെ തരിശായി കിടക്കുന്ന ഭൂമി കണ്ടെടുക്കാൻ, അത് കണ്ടെത്തി കൃഷിയിറക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ അങ്ങയുടെ ബില്ലിൽ ഗവൺമെന്റിനോട് ആവശ്യപ്പെടാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ?

ശ്രീ. വി. ബാലറാം: സർ, അതാണ് എന്റെ ബില്ലിലെ വ്യവസ്ഥ. തരിശായി കിടക്കുന്ന കൃഷിഭൂമി ഒന്നുകിൽ ആ കൃഷിഭൂമിയുടെ ഉടമസ്ഥന് നോട്ടീസ് കൊടുക്കുക, ഭൂമിയുടെ ഉടമസ്ഥൻ അവിടെ കൃഷി ചെയ്യണമെന്ന് നിർദ്ദേശിക്കുക, കൃഷിചെയ്യാൻ ഉടമസ്ഥൻ തയ്യാറല്ലെങ്കിൽ മറ്റ് ആർക്കെങ്കിലും ലേലം ചെയ്തു രണ്ടോ മൂന്നോ വർഷത്തേക്ക് അവർക്ക് താൽക്കാലികമായിട്ടുള്ള ഇടവിള കൃഷി ചെയ്യാൻ, പച്ചക്കറിയും മറ്റും കൃഷിചെയ്യാനുള്ള അനുവാദം കൊടുക്കുകയും ആ ലേലത്തുക യഥാർത്ഥ കൃഷിഭൂമിയുടെ ഉടമസ്ഥന് കൊടുക്കുകയും ചെയ്യുന്നതിനുള്ള വ്യവസ്ഥയാണ് എന്റെ ബില്ലിലുള്ളത്. അത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമുക്കറിയാം ഓണക്കാലത്തുള്ള ഏത്തക്കായ് വരെ അന്യസംസ്ഥാനത്ത് നിന്നാണ് കൊണ്ടുവരുന്നത്. ഇവിടെയുണ്ടാക്കാൻ കഴിയുന്നില്ല. അതുപോലെ അനന്തസാധ്യതയുള്ള ഒന്നാണ് ഓർക്കിഡുകൾ, ഔഷധച്ചെടികൾ, കുറ്റിമുല്ല, പച്ചക്കറി ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഇവർക്ക് ചെയ്യാൻ സാധിക്കും. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ ഒരു വാർത്തയുണ്ട്. മധുരയ്ക്കടുത്ത് ഒരു സ്ഥലത്ത് മുരിങ്ങക്കായ് കൃഷി വളരെ വ്യാപകമായ തോതിൽ ടൺ കണക്കിനാണ് ഉല്പാദിപ്പിക്കുന്നതിനെപ്പറ്റി. ഒരു എസ്റ്റേറ്റു പോലെ വളരെയധികം ഏക്കർ സ്ഥലത്ത് മുരിങ്ങക്കായ് കൃഷിചെയ്യുന്നുണ്ട്. അത് പാട്ടത്തി നെടുത്തിരിക്കുകയാണ്. അതിന്റെ യഥാർത്ഥത്തിലുള്ള ഭൂമിയുടെ ഉടമകളല്ല അവിടെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത്. ആ ഭൂമി ഉടമകളിൽനിന്ന് സാധാരണക്കാരായ യഥാർത്ഥ കൃഷിക്കാർ പാട്ടത്തിനെടുത്ത് അവിടെ ഒരു വർഷം കൊണ്ട് കായ്ക്കാവുന്ന മുരിങ്ങക്കായ് വ്യാപകമായ തോതിൽ കൃഷി ചെയ്യുകയാണ്. ആ മുരിങ്ങക്കായ്പോലും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടു വരേണ്ട സ്ഥിതിയാണ് നമുക്കുള്ളത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് തരിശായി കിടക്കുന്ന ഈ ഭൂമി തീർച്ചയായിട്ടും പ്രയോജനപ്പെടുത്താൻ നമുക്ക് സാധിച്ചാൽ ഇന്നത്തെ നമ്മുടെ ഇത്തരത്തിലുള്ള ഉല്പന്നങ്ങളുടെ പോരായ്മകൾ പരിഹരിക്കാൻ വളരെയധികം സാധിക്കുമെന്നുള്ളതു മാത്രമല്ല ഒരു തൊഴിൽ മേഖലയിൽ വളരെ വലിയ ഒരു മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കും. അത് മാത്രമല്ല തരിശായി കിടക്കുന്ന ഭൂമി മുഴുവൻ പ്രയോജനപ്പെടുത്താൻ സാധിക്കും. അങ്ങനെ പ്രയോജനപ്പെടുത്താൻ സാധിച്ചാൽ തീർച്ചയായിട്ടും നമുക്കാവശ്യമായിട്ടുള്ള ഉല്പന്നങ്ങൾ നമുക്കുതന്നെ ഉണ്ടാക്കാൻ സാധിക്കും. അതുപോലെതന്നെയാണ് ഔഷധച്ചെടികളുടെ കാര്യം. ഈ അടുത്ത കാലത്ത് കേരള സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുള്ള "ഹോർത്തൂസ് മലബാറിക്കൂസ്" എന്നു പറയുന്ന ഒരു പുസ്തകത്തിൽ പറയുന്നുണ്ട്. എത്രയോ വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ തനിസ്വഭാവമുള്ള 371-ഓളം ഔഷധ സസ്യങ്ങൾ അടങ്ങിയ പുസ്തകമാണ്. ആ ഔഷധ സസ്യങ്ങൾ പലതും ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ആയുർവ്വേദ ചികിത്സയ്ക്ക് പേരും പെരുമയും കേട്ട സംസ്ഥാനമാണ് കേരളം. ആ ആയുർവ്വേദ ചികിത്സയ്ക്ക് ആവശ്യമായിട്ടുള്ള ഔഷധ സസ്യങ്ങൾ നമുക്കുണ്ടാക്കാൻ കഴിയുന്നില്ല. അങ്ങനെ വ്യാവസായികമായി ഒട്ടേറെ കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയുന്ന ഈ സംസ്ഥാനത്തിന്റെ ഇത്തരത്തിലുള്ള കാര്യങ്ങളിൽ ഒരു പുതിയ കാഴ്ചപ്പാടും സമീപനവും നമുക്കുണ്ടാക്കേണ്ടതായിട്ടുണ്ട്.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: അങ്ങ് ഇപ്പോൾതന്നെ പരാമർശിച്ച ഹോർത്തൂസ് മലബാറിക്കൂസ് ഗ്രന്ഥം മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിന് കഴിഞ്ഞ ദിവസം പാസ്സാക്കികൊടുത്ത ഉപധനാഭ്യർത്ഥനകളിൽ പ്രത്യേകമായി തുക നീക്കിവെച്ചിരിക്കുന്നുവെന്ന വസ്തുതകൂടി കണക്കിലെടുത്തുകൊണ്ട് ഹോർത്തൂസ് മലബാറിക്കൂസിൽ പരാമർശിക്കുന്ന ഈ ഔഷധ സസ്യങ്ങളുടെ പരിപാലനം സംബന്ധമായി വിശദമായ പരിഗണന നടത്തേണ്ടത് അത്യാവശ്യമാണെന്ന വിഷയംകൂടി അങ്ങയുടെ ഈ ബില്ലിൽ കൊണ്ടുവരുമോ?

ശ്രീ. വി. ബാലറാം: സർ, ഇത് വളരെ വിലപ്പെട്ട ഒരു ഗ്രന്ഥമാണ്. വളരെ വർഷങ്ങൾക്കുമുമ്പ് ഡച്ച് ഗവർണ്ണർ, അദ്ദേഹത്തിന്റെ പ്രയത്നഫലമായി അന്ന് കേരളം ഭരിച്ചിരുന്ന രാജാക്കന്മാരുടെ സഹായത്തോടുകൂടി ഉണ്ടാക്കിയിട്ടുള്ള അമൂല്യമായ ഒരു ഗ്രന്ഥമാണ്, മണിലാൽ എന്നു പറയുന്ന ഒരാളാണ് അത് മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കാൻ തയ്യാറായിട്ടുള്ളത്. ഈ അമൂല്യമായിട്ടുള്ള ഗ്രന്ഥത്തിൽ ഒട്ടേറെ ഔഷധ സസ്യങ്ങളെക്കുറിച്ച് വളരെ വിശദമായിട്ട് പ്രതിപാദിച്ചിട്ടുണ്ട്. ഇന്ന് നമ്മുടെ നാട്ടിൽ പല രോഗങ്ങൾക്കും ഇതുപോലുള്ള ആയുർവ്വേദ ഔഷധങ്ങൾ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ പല രാജ്യങ്ങളിൽനിന്ന് ആളുകൾ ഈ ആയുർവ്വേദ ചികിത്സയ്ക്കുവേണ്ടി കേരളത്തിൽ വന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ഒരു കാര്യം നമ്മൾ മനസ്സിലാക്കേണ്ടത് ഔഷധ സസ്യങ്ങളുടെ മുഴുവൻ പേറ്റന്റ്, നമ്മുടെ സംസ്ഥാനത്തുനിന്ന് അന്യ രാജ്യങ്ങളിലേക്ക് കൊണ്ടുപോകാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ഈ അടുത്ത കാലത്താണ് പത്രത്തിൽ വായിച്ചത്, ജപ്പാനിൽ ആയുർവ്വേദ കോളേജ് തുടങ്ങാനുള്ള കാര്യം അവർ ഗൗരവമായിട്ട് ആലോചിച്ച് അതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു എന്ന്. അപ്പോൾ ആയുർവ്വേദത്തെക്കുറിച്ച് മറ്റ് സംസ്ഥാനങ്ങൾപോലും വളരെ ഗൗരവമായി ആലോചിച്ചു തുടങ്ങിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജർമ്മൻ ഗവൺമെന്റ് നമ്മുടെ കേരളത്തിലുള്ള ഒട്ടേറെ ആയുർവ്വേദ മൂലികൾക്ക് പേറ്റന്റ് എടുത്തിരിക്കുകയാണ്. ഇപ്പോൾ യോഗയുടെ പേറ്റന്റ് പോലും എടുത്തിരിക്കുകയാണ്. ഓം എന്ന വാക്ക് ഉപയോഗിക്കണമെങ്കിൽ ഇനി ജർമ്മൻകാരന്റെ അനുവാദം വേണം. ആർ.എസ്.എസ്സുകാരുടെ കാര്യാലയത്തിൽ ഓം എന്നു വെയ്ക്കാൻ ഇനി ജർമ്മനിയുടെ അനുവാദം വാങ്ങുന്ന അവസ്ഥയിൽ എത്തിയിരിക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ബാലറാം: സർ, അതുതന്നെയാണ് പറഞ്ഞത്. അതുകൊണ്ട് നമ്മുടെ അമൂല്യമായിട്ടുള്ള സമ്പത്തുകൾ പലതും നമുക്ക് നഷ്ടപ്പെടുന്ന ഒരു സാഹചര്യത്തിൽ, ഇത്തരത്തിലുള്ള അമൂല്യ സമ്പത്തുകൾ നമുക്ക് നഷ്ടപ്പെടാതിരിക്കുവാൻ ഇപ്പോൾ ഫോറസ്റ്റ് വകുപ്പ് ഈ കാര്യത്തിൽ അമൂല്യ സസ്യങ്ങൾ നടുന്ന കാര്യത്തിലൊക്കെ കുറെ ക്രിയാത്മകമായിട്ടുള്ള പദ്ധതികളും പരിപാടികളും കൊണ്ടു വരുന്നുണ്ട് എന്നുള്ളത് ശരിയാണ്. പക്ഷേ, തരിശായി കിടക്കുന്ന ഭൂമി, അത് വളരെ ഏക്കർ കണക്കിന് ഉള്ള സ്ഥലങ്ങളല്ല, ചെറിയ ചെറിയ സ്ഥലങ്ങൾ, ആ ചെറിയ ചെറിയ സ്ഥലങ്ങൾ ഇതുപോലെ കൃഷിക്ക് താല്പര്യമുള്ള, കാർഷിക വൃത്തിക്ക് താല്പര്യമുള്ള ആളുകൾക്ക് കൊടുക്കാൻ, അതിൽ യഥാർത്ഥത്തിലുള്ള ഉടമസ്ഥന് കൃഷി ചെയ്യാൻ താല്പര്യമില്ലായെങ്കിൽ ഇതുപോലെ കാർഷിക വൃത്തിയിൽ താല്പര്യമുള്ള ആളുകൾക്ക് ലീസിന് കൊടുക്കുവാനുള്ള ഒരു സംവിധാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

Mr. Deputy Speaker: Are you concluding today?

Shri V. Balaram: No Sir. ബഹുമാനപ്പെട്ട മന്ത്രി ബില്ലിനെക്കുറിച്ച് അഭിനന്ദിച്ചുവെങ്കിലും ഈ ബില്ലിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട്, സമഗ്രമായിട്ടുള്ള ഒരു നിയമമാക്കി അംഗീകരിച്ചു കൊണ്ടുവരാൻ തയ്യാറാകണമെന്ന് മാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

Mr. Deputy Speaker: You can continue next day.

Smt. Sobhana George, Not in the seat.

(ചർച്ച തുടരും)

(നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ 2002-ലെ കേരള സ്വകാര്യ സെക്യൂരിറ്റി തൊഴിലാളി ക്ഷേമനിധി ബിൽ, 2002-ലെ കേരള കവുങ്ങ് (അടയ്ക്ക) കർഷക ക്ഷേമനിധി ബിൽ, 2002-ലെ കേരള ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയ നിരോധന ബിൽ, 2002-ലെ പമ്പാനദി സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ എന്നിവയുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടില്ല).

LIBRARY ARCHIVES Kerala Legislative Assembly